വൈക്കം-ഗുരുവായൂർ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്

956 [1542] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈക്കം-ഗുരുവായൂർ റൂട്ടിൽ ഒരു ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കോട്ടയത്തുനിന്ന് ഗുരുവായൂർക്ക് പല ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും ഇപ്പോൾ തന്നെ നിലവിലുണ്ട്. കൂടാതെ വളരെയധികം വാഹനദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

നാഷണലൈസ്ഡ് റൂട്ടുകളിലെ ബസ് സർവ്വീസ്

957 [1544] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ-ചാലക്കുടി റൂട്ടിൽ പ്രൈവറ്റ് ബസ്സുകൾക്ക് താൽക്കാലിക പെർമിറ്റ് നൽകി തൃശ്ശൂർ, ഇരിങ്ങാലക്കുട, ഒല്ലൂർ, കൊടകര നിയോജക മണ്ഡലങ്ങളിലെ ജനങ്ങൾക്ക് യാത്രാസൗകര്യം ചെയ്തുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ദേശസാൽക്കരിക്കപ്പെട്ട റൂട്ടായതുകൊണ്ട് സൂചിപ്പിച്ചമാതിരി താൽക്കാലിക പെർമിറ്റുകളും നൽകാൻ നിവൃത്തിയില്ല. ദേശസാൽക്കരിച്ച റൂട്ടിലെ യാത്രാസൗകര്യങ്ങളിൽ അപര്യാപ്തതയുണ്ടോയെന്നും നിവാരണ നടപടികളും എടുക്കാനും കെ. എസ്. ആർ. ടി. സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ചോദ്യോത്തരസമയം അവസാനിച്ചു.)

II ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറിനെപ്പറ്റിയുള്ള പൊതു ചർച്ച

ശ്രീ. ടി. എച്ച്. മുസ്തഫ: ബഹുമാന്യനായ ധനകാര്യമന്ത്രി വരദരാജൻനായർ ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറിനെ ഞാൻ 9.30A.M.] ശക്തിയായിഎതിർക്കുന്നു. ഇത്തരത്തിൽ ഒരു ബഡ്ജറ് അവതരിപ്പിക്കുന്നതിനും, ജനങ്ങൾ കൊടുക്കുന്ന നികുതി ഖജനാവിൽ നിന്നെടുത്ത് ചെലവ് ചെയ്യുന്നതിനും അധികാരമില്ലാത്ത ഒരു ഗവൺമെൻറാണ് ഇന്ന് അപ്പുറത്തിരിക്കുന്നതെന്ന് പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അതിന് രണ്ടു മൂന്ന് കാരണങ്ങളുണ്ട്. ഈ ഗവൺമെൻറ് 1977-ൽ ജനങ്ങളുടെ മാൻഡേറ് വാങ്ങിച്ചുവന്ന ഗവൺമെൻറ് ആണ് എന്നാണു പറയുന്നത്. എന്നാൽ അന്നത്തെ ഐക്യമുന്നണി ഇന്ന് നിലവിലില്ല. ആ ഐക്യമുന്നണി സംവിധാനം ആകെ തകർന്ന് തരിപ്പണമായിതീർന്നിരിക്കുന്നു. അന്ന് ഐക്യ

LIBRARY ARCHIVES Kerala Legislative Assembly